പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഇന്നലെ ഉണ്ടായ സംഭവത്തിൽ എല്ലാവരും ദുഃഖം പ്രകടിപ്പിച്ചിട്ടുണ്ട്. ഏറ്റവും വേദനാജനകമായ സംഭവമായിരുന്നു അത്. ആ സ്ഥലത്ത് പോയി കണ്ടാൽ അറിയാം. പാർവ്വതീ പുത്തനാർ തോടിന്റെ സമീപത്തെ റോഡിന് ഒരു സൈഡ് പ്രൊട്ടക്ഷനുമില്ല. ഇത് ദേശീയ ജലപാതയാണ്. 225 കോടി രൂപ നമുക്ക് ലഭിച്ചിട്ട് 89 കോടി രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളു. 136 കോടി രൂപ ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. സൈഡ് പ്രൊട്ടക്ഷൻ ഉണ്ടായിരുന്നുവെങ്കിൽ ഇന്നലെ ഈ ദുരന്തം ഉണ്ടാകുമായിരുന്നില്ല. അവിടെ സൈഡ് പ്രൊട്ടക്ഷൻ കെട്ടുന്നതിന് ഒരു കാലതാമസവുമുണ്ടാകരുത്. അക്കാര്യത്തിൽ വലിയൊരു കാലതാമസമാണ് വന്നിട്ടുള്ളത്. നമുക്ക് ഫണ്ടുണ്ട്, പക്ഷേ ഫണ്ടുണ്ടായിട്ടും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. നമ്മൾ തോട് കുഴിക്കുക മാത്രമേ ചെയ്യുന്നുള്ളു. പക്ഷെ അവിടെ കണ്ടാലറിയാം അപകടം എപ്പോൾ വേണമെങ്കിലും വരാവുന്ന വിധത്തിലുള്ള താണ്. അതുകൊണ്ട് എത്രയുംപെട്ടെന്ന് അതിന്റെ സൈഡ് പ്രൊട്ടക്ഷൻ കെട്ടുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. മറ്റൊന്ന്, സ്കൂൾ വാഹനങ്ങളെ സംബന്ധിച്ച് സുപ്രീംകോടതി വളരെ വ്യക്തമായ ചില ഡയറക്ഷൻ നൽകിയിട്ടുള്ളത് ഇനിയെങ്കിലും നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇലക്ഷൻ പ്രഖ്യാപിക്കുന്നതിനുമുൻപ് തന്നെ പാർവ്വതീ പുത്തനാർ തോടിന്റെ സമീപത്തെ റോഡിന് ഒരു സൈഡ് പ്രൊട്ടക്ഷൻ കെട്ടുന്നതിന് ഭരണാനുമതി നൽകുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടു വരേണ്ട താമസമേയുള്ളു. ധനപരമായിട്ടുള്ള സ്പെഷ്യൽ സാംഗ്ഷൻ നൽകാം. മറ്റേതെങ്കിലുമായി ബന്ധപ്പെടുത്തിക്കൊണ്ട് പണം കണ്ടെത്താൻ പറ്റുമെങ്കിൽ നല്ലത് ഇല്ലെങ്കിൽ ബഡ്ജറ്റിൽനിന്ന് അത് ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കാം. സ്പെഷ്യൽ സാംഗ്ഷൻ കൊടുക്കുന്നതാണ്.

3. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ സ്ഥലത്ത് അനുയോജ്യമായ പദ്ധതികൾ

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, 1990-ൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ തലക്കളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടിരിയിൽ ഒന്നര ഹെക്ടർ സ്ഥലത്ത് ഒരു ആയുർവ്വേദ റിസോർട്ട് പണിയുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചതാണ്. ഇത് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ സ്ഥലമാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് സ്ഥലം സന്ദർശിക്കുകയും കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുകയും ചെയ്തതാണ്. പക്ഷേ ഫലപ്രദമായൊരു തീരുമാനമെടുത്ത് ഒരു പദ്ധതി അവിടെ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. ഇനിയെങ്കിലും ആ സ്ഥലവും കെട്ടിടവും സമൂഹത്തിന് പ്രയോജനപ്പെടുന്ന വിധത്തിൽ ഏതെങ്കിലും തരത്തിലുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. രണ്ടുമൂന്ന് പ്രാവശ്യമെങ്കിലും ഈ വിഷയം സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അതിനാവശ്യമായ കെ.എച്ച്.ആർ.ഡബ്ല്യു. എസ്.-ന്റെ ഒരു സ്ഥാപനം എന്ന നിലയിൽ ഫണ്ട് കണ്ടെത്താൻ നമുക്ക് സാധിച്ചിരുന്നില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 'ആയുഷ്' ഡിപ്പാർട്ടുമെന്റിൽനിന്നും കുറച്ച് ഫണ്ട് കിട്ടിയിട്ടുള്ളത് ഉപയോഗപ്പെടുത്തിക്കൊണ്ട് കെ.എച്ച്.ആർ. ഡബ്ല്യു.എസ്.-ന്റെ നേതൃത്വത്തിൽ ഒരു ആയുർവ്വേദ ആശുപത്രിയും ഒരു മാസിയർ കോഴ്സ് ട്രെയിനിംഗ് സെന്ററും നടത്തുന്നതിനെ സംബന്ധിച്ച് മിക്കവാറും ഈ ഗവേണിംഗ് ബോഡിയിൽ പാസ്സാക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

4. തുറവൂർ-തിരുമല ക്ഷേത്രത്തിൽ നടന്ന മോഷണം

ശ്രീ. എ. എ. ഷുക്കൂർ: സർ, ആലപ്പുഴ അനന്തനാരായണപുരം തുറവൂർ-തിരുമല ദേവസ്വത്തിലെ വിഗ്രഹത്തിൽ ചാർത്തിയിരുന്ന രണ്ട് സ്വർണ്ണ മാലകൾ കഴിഞ്ഞ വർഷം മാർച്ച് മാസത്തിൽ മോഷണം പോയിട്ടുണ്ട്. ഇതു സംബന്ധിച്ച് അവരുടെ അധികാരി ശ്രീ. വി. കൃഷ്ണവാദ്യർ ഒരു പരാതി കൊടുക്കുകയും പരാതിക്ക് കാതലായ വിഷയങ്ങൾ പോലീസിന് മുൻപാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ അന്ന് പോലീസിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല. എന്നാൽ ഇതിന്റെ പേരിൽ അധികാരികൾ (ദേവസ്വവുമായി ബന്ധപ്പെട്ടവർ) രണ്ട് ശാന്തിക്കാരെ സസ്പെന്റ് ചെയ്ത് നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ആ രണ്ട് ശാന്തിക്കാരെ സംശയ ദൃഷ്ട്യാ കണ്ട് നടപടിയെടുത്ത് പോകുന്നതിനു പകരം എഫ്.ഐ.ആർ. എടുത്തതിന്മേലുള്ള നടപടികളൊന്നും ആയിട്ടില്ല. അടുത്ത ദിവസം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ പരാതി നൽകുകയും അതിന്മേൽ ഒരുത്തരവ് ഉണ്ടാകുകയും ചെയ്തു. എന്നിട്ടുപോലും പോലീസ് അധികാരികൾ യഥാർത്ഥ പ്രതികളെ പിടിക്കാനോ ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനോ തിരുമല ദേവസ്വത്തിന്റെ പരാതിയിന്മേലുള്ള നടപടികൾക്കാവശ്യമായ എന്തെങ്കിലും ചെയ്യാനോ തയ്യാറായില്ല. വിഗ്രഹത്തിൽ ചാർത്തിയിരുന്ന മോഷണം പോയ മാല ചില പ്രതികളുടെ കഴുത്തിൽ കിടക്കുന്നതായി കണ്ടുവെന്ന് പോലീസ് പറയുന്നുണ്ടെങ്കിലും അന്വേഷണം നടത്തുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നും വെറും അനാസ്ഥയാണുണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് അന്വേഷണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, കുത്തിയതോട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അനന്തനാരായണപുരം തുറവൂർ-തിരുമല ദേവസ്വത്തിൽ വിഗ്രഹത്തിലെ പ്രഭാവലയത്തിൽ ചാർത്തിയിരുന്ന 37.70 ഗ്രാം തൂക്കം വരുന്ന ഒരു സ്വർണ്ണമാലയും 8 ഗ്രാം തൂക്കം വരുന്ന മറ്റൊരു മാലയും 14-3-2010-ാം തീയതിക്കും 15-4-2010-ാം തീയതിക്കുമിടയ്ക്കുള്ള സമയം മോഷണം പോയതായി ദേവസ്വം അധികാരി കൃഷ്ണവാധ്യാർ 25-4-2010-ന്

LIBRARY ARCHIVES Kerala Legislative Assembly